കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം

149 (4773) ശ്രീമതി ജെ. അരുന്ധതി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി കെ .കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ റിസോഴ്സ് ഗ്രൂപ്പുകൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) അയൽകൂട്ടങ്ങൾക്ക് ഗ്രൂപ്പായും വ്യക്തിഗതമായും മൈക്രോ സംരംഭങ്ങൾ തുടങ്ങുന്നതിന് നൽകുന്ന ധനസഹായത്തിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൈക്രോ സംരംഭ വികസനത്തിനായി വിവിധ വിഷയങ്ങളിൽ പ്രാവീണ്യം നേടിയിട്ടുള്ള വ്യക്തികൾ ഉൾക്കൊള്ളുന്ന റിസോഴ്സ് ടീമുകൾ കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

(ബി) വ്യക്തിഗത ഗ്രൂപ്പ് മൈക്രോ സംരംഭങ്ങൾക്ക് സബ്സിഡിയിനത്തിൽ താഴെപറയുന്ന രീതിയിൽ കുടുംബശ്രീ മിഷൻ ധനസഹായം നൽകിവരുന്നു.

തരം	അനുവദനീയമായ സബ്സിഡി തുക
വ്യക്തിഗത സംരംഭങ്ങൾ	7,500 രൂപയോ പ്രോജക്ട് തുകയുടെ 30% ഏതാണോ കുറവ് ആ തുക
ഗ്രൂപ്പ് സംരംഭങ്ങൾ (5 അംഗ ഗ്രൂപ്പിന്)	50,000 രൂപയോ പ്രോജക്ട് തുകയുടെ 50% ഏതാണോ കുറവ് ആ തുക
10 അംഗങ്ങളുടെ ഗ്രൂപ്പിന്	ഓരോ അംഗത്തിനും 10,000 രൂപ വച്ച് പരമാവധി ഒരുലക്ഷം രൂപ യോ, പ്രോജക്ട് തുകയുടെ 50% മോ ഏതാണോ കുറവ് ആ തുക

LIBRARY ARCHIVES Kerala Legislative Assembly